# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3075      03.04.2013-ൽ മറുപടിക്ക്

### കേന്ദ്ര ഫണ്ടുപയോഗിച്ചുള്ള നഗര വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരവികസനത്തിനായി 2012-13 സാമ്പത്തിക വർഷത്തിൽ എന്തു തുക കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ടെന്നും ഏതൊക്കെ പദ്ധതികൾക്കായാണ് പ്രസ്തുത തുക ലഭിച്ചതെന്നും വ്യക്തമാക്കുമോ ; | എ) നഗരവികസനത്തിനായി 2012-13 സാമ്പത്തിക വർഷം 12278.24 ലക്ഷം രൂപ കേരള സുസ്ഥിര നഗരവികസന പദ്ധതി (കെ.എസ്.യു.ഡി.പി) മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾക്കായി ലഭിച്ചിട്ടുണ്ട്.<br>2012-13 സാമ്പത്തിക വർഷം കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന രാജീവ് ആവാസ് യോജന (RAY) പൈലറ്റ് പദ്ധതി പ്രകാരം 1157.39 ലക്ഷം രൂപയും, സംയോജിത പാർപ്പിട ചേരി വികസന പദ്ധതിക്കായി (ഐ.എച്ച്.എസ്. ഡി.പി) 1252.82 ലക്ഷം രൂപയും, ബെയ്സിക് സർവ്വീസസ് ടു അർബൻ പുവർ (ബി.എസ്.യു.പി) പദ്ധതിക്കായി 4042.66 ലക്ഷം രൂപയും, SJSRY പദ്ധതിക്കായി 593.84 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം നഗരസഭകൾക്കാണു വിഭജിച്ചു നൽകിയതെന്നും ഒരോ നഗരസഭയ്ക്കും എന്തു തുക വീതമാണു നൽകിയതെന്നും വ്യക്തമാക്കുമോ? | ബി) കെ.എസ്.യു.ഡി.പി മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾക്കായി നഗരസഭകൾക്ക് വിഭജിച്ചു വകയിരുത്തിയിട്ടുളള തുക (ലക്ഷത്തിൽ) |

| | |
|---|---|
| പയ്യന്നൂർ | : 1607.6 |
| വടകര | : 996.7 |
| കൽപ്പറ്റ | : 1151.66 |
| മലപ്പുറം | : 603.12 |
| തിരുവല്ല | : 251.16 |
| പെരിന്തൽമണ്ണ | : 324.4 |
| തലശ്ശേരി | : 1648 |
| ആലപ്പുഴ | : 3677.6 |
| ഗുരുവായൂർ | : 1257.73 |
| ചാവക്കാട് | : 760.27 |

നഗരസഭകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ :-

| | |
|---|---|
| കൽപ്പറ്റ | : 85780000/- രൂപ |
| ആലപ്പുഴ | : 256800000/-രൂപ |
| വടകര | : 2287500/- രൂപ |
| പയ്യന്നൂർ | : 20050000/- രൂപ |

കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന **രാജീവ് ആവാസ് യോജന(RAY):** പദ്ധതിയുടെ പൈലറ്റ് പദ്ധതിയായി തിരുവനന്തപുരം നഗരസഭയിലെ വിഴിഞ്ഞം ഹാർബർ വാർഡിലെ മതിപ്പുറം ചേരിയുടെ സമഗ്രവികസനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിലേക്കാണ് ഈ തുക അനുവദിച്ചിരിക്കുന്നത്.

**സംയോജിത പാർപ്പിട ചേരി വികസന പദ്ധതി (ഐ.എച്ച്.എസ്.ഡി.പി):** പ്രകാരം നഗരസഭകൾക്ക് 2012-13 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ അനുവദിച്ച തുകയും നഗരസഭകൾക്ക് നൽകിയ തുകയും അനുബന്ധമായി ചേർക്കുന്നു.

**ബെയ്സിക് സർവ്വീസസ് ടു അർബൻ പുവർ (ബി.എസ്.യു.പി):** തിരുവനന്തപുരം ബി.എസ്.യു.പി രണ്ടാംഘട്ട പദ്ധതിക്കായി 745.88 ലക്ഷം രൂപ നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ക്രമ നം. | നഗരസഭയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | നൽകിയ തുക (ലക്ഷത്തിൽ) * |
|---|---|---|---|
| 1. | ചങ്ങനാശേരി (ഘട്ടം 1) | 67.19 | 67.19 |
| 2. | കാസറഗോഡ് | 25.5 | 0 |
| 3. | ഷൊർണ്ണൂർ | 177.33 | 177.33 |
| 4. | തളിപ്പറമ്പ | 48.68 | 48.68 |
| 5. | ചിറ്റൂർ തത്തമംഗലം | 244.31 | 0 |
| 6. | പൊന്നാനി | 87.95 | 0 |
| 7. | കുന്നംകുളം | 35.73 | 0 |
| 8. | മലപ്പുറം (ഘട്ടം 2) | 268.695 | 268.695 |
| 9. | നെയ്യാറ്റിൻകര | 297.43 | 0 |
| | **ആകെ** | **1252.815** | **561.895** |

* ഐ.എച്ച്.എസ്.ഡി.പി/ബി.എസ്.യു.പി പദ്ധതികൾ തുടർ പദ്ധതികളാണ്. നഗരസഭകളുടെ സാമ്പത്തിക പുരോഗതി അനുസരിച്ചാണ് തുക കൈമാറുന്നത്.

സെക്ഷൻ ഓഫീസർ